(ബി) 1-2-2013-ലെ G.O(Ms)No.46/2013/LSGD നമ്പർ ഉത്തരവ് പ്രകാരം 5-2-2013-ലെ 325-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ (SRO No.80/2013) പ്രസിദ്ധീകരിച്ച കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കുള്ള ഭേദഗതികളിലും, 10-1-2014-ലെ G.O(Ms)No.10/2014/LSGD നമ്പർ ഉത്തരവ് പ്രകാരം 13-1-2014-ലെ 98-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ (SRO No.26/2014) പ്രസിദ്ധീകരിച്ച കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കുള്ള ഭേദഗതികളിലുമാണ് ടി വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുള്ളത്.

(സി) പ്രസ്തുത ഉത്തരവിന്റെ പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു. *

നഗരസഭയുടെ കെട്ടിടങ്ങൾ

145 (1519) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരസഭയുടെ കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്നതിന് നിലവിലുള്ള മാനദണ്ഡമെന്താണ്;

(ബി) കെട്ടിടം/മുറി എന്നിവയ്ക്കായുള്ള അപേക്ഷ അംഗീകരിച്ച് വാടക അഡ്വാൻസ് അടയ്ക്കുന്നതിന് രേഖാമൂലം കത്ത് നൽകാറുണ്ടോ; എങ്കിൽ അഡ്വാൻസ് അടച്ച് എത്ര ദിവസത്തിനകം വാടക കരാർ എഴുതേണ്ടതാണ്;

(സി) മുറി/കെട്ടിടം അനുവദിച്ച് വാടക അഡ്വാൻസ് അടപ്പിച്ചു കഴിഞ്ഞ് വ്യവസ്ഥകളിൽ മാറ്റം വരുത്തുവാൻ നഗരസഭയ്ക്ക് അധികാരമുണ്ടോ;

(ഡി) ഇത്തരത്തിൽ വ്യവസ്ഥകളിൽ നിന്നും നഗരസഭ പിൻമാറുകയും വാടകക്കരാർ വെയ്ക്കുന്നതിന് തടസ്സം നേരിടുകയും ചെയ്താൽ അതിന്റെ ഉത്തരവാദിത്വം ആർക്കാണ്;

(ഇ) പ്രസ്തുത കാലയളവിൽ ഉപഭോക്താവ് അടച്ചിട്ടുള്ള വാടക അഡ്വാൻസിന്റെ നഷ്ടപൂർത്തീകരിക്കാൻ നഗരസഭയ്ക്ക് ബാധ്യതയില്ലേ;

(എഫ്) വാടക കരാർ നിലവിൽ വരാതെ വാടക പിരിക്കുന്നതിന് നഗരസഭയ്ക്ക് അധികാരമുണ്ടോ; ഉണ്ടെങ്കിൽ ഏത് നിയമപ്രകാരമാണ്; വ്യക്തമാക്കാമോ;

(ജി) വാടക കരാർ നിലവിൽ വരാതിരിക്കുകയും വാടക അഡ്വാൻസിൽ നിന്നും വാടക ഈടാക്കുകയും ചെയ്യുന്നത് ഉപഭോക്താക്കളെ വഞ്ചിക്കുന്ന നടപടിയല്ലേ; ഇത്തരത്തിൽ അനഭിമതമായ പ്രവർത്തി ഏതെങ്കിലും നഗരസഭകളുടെ ഭാഗത്തുനിന്നുമുണ്ടായാൽ ഇടപെടുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മുനിസിപ്പൽ ആക്ട് 215-2(എ) പ്രകാരമാണ് കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്നത്.

(ബി) ഇതുസംബന്ധിച്ച കൗൺസിൽ അംഗീകരിച്ച ലേല നിബന്ധനയിൽ വ്യവസ്ഥ ചെയ്ത പ്രകാരമാണ് സെക്യൂരിറ്റി/അഡ്വാൻസ് നഗരസഭകൾ സ്വീകരിക്കുന്നത്.

(സി-ഇ) ബന്ധപ്പെട്ട ലേല നിബന്ധനകളുടെ അടിസ്ഥാനത്തിലുള്ള മാറ്റങ്ങൾ നഗരസഭയ്ക്ക് ചെയ്യാവുന്നതാണ്.

(എഫ്) ഇല്ല.

(ജി) ശ്രദ്ധയിൽപ്പെടുന്ന പരാതികളിൽ നടപടി സ്വീകരിക്കുന്നതാണ്.

നഗരങ്ങളിലെ ഫ്ലാറ്റ് നിർമ്മാണം

146 (1520) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരളത്തിലെ നഗരങ്ങളിൽ എത്ര ഫ്ലാറ്റുകളുടെ നിർമ്മാണത്തിന് അനുമതി നൽകിയിട്ടുണ്ട്; ജില്ല തിരിച്ചുള്ള വിശദവിവരം നൽകുമോ;

(ബി) പ്രസ്തുത അനുമതിയുടെ അടിസ്ഥാനത്തിൽ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ള ഫ്ലാറ്റുകളുടെ വിശദ വിവരങ്ങൾ ജില്ല തിരിച്ച് നൽകുമോ;

(സി) നഗര പ്രദേശങ്ങളിൽ ഫ്ലാറ്റ് നിർമ്മാണത്തിന് നിലവിലുള്ള തടസ്സങ്ങൾ എന്തൊക്കെയാണ്; വിശദവിവരം നൽകുമോ?

ഉത്തരം

(എ) ലഭ്യമായ വിവരങ്ങൾ അനുസരിച്ച് ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കേരളത്തിലെ നഗരങ്ങളിൽ 249 ഫ്ലാറ്റുകളുടെ നിർമ്മാണത്തിന് അനുമതി നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധം-I ആയി* ചേർത്തിട്ടുണ്ട്.

(ബി) 94 ഫ്ലാറ്റുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധം-II ആയി* ചേർത്തിട്ടുണ്ട്.

(സി) കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായി ഫ്ലാറ്റ് നിർമ്മിക്കുന്നതിന് നിലവിൽ തടസ്സമൊന്നുമില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.